# കത്തുകൾ




## ചോരയിൽ മുക്കി കള്ളമെഴുതുന്നു

**'മുസ്‌ലിം** തീവ്രവാദം ഇല്ലാതാക്കാൻ ഒരു ചിന്ത' എന്ന ജെ. രഘുവിന്റെ 'അന്വേഷണം' (*കേരള കൗമുദി* 2008 മാർച്ച് 9) പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഇസ്‌ലാം എന്താണെന്നോ മുസ്‌ലിം ആരാണെന്നോ ഖുർആൻ അവതരിപ്പിക്കുന്ന ജീവിതവീക്ഷണവും പ്രവാചക ജീവിതവും സച്ചരിതരായ ഖലീഫമാരുടെ ഭരണരീതിയും സാമ്രാജ്യത്വത്തിനെതിരെയുള്ള ഇവരുടെ പോരാട്ടവും എങ്ങനെയായിരുന്നുവെന്നോ ഉള്ള സാമാന്യ ധാരണ പോലും എന്തുകൊണ്ടോ ലേഖകന് ഇല്ലാതെ പോയി. ഏതൊരു സംസ്കാരത്തിന്റെയും സമര രീതിയെ (സായുധരീതിയെയും) അതിന്റെ യഥാർഥ സ്രോതസ്സിൽനിന്ന് പഠിക്കുന്നതല്ലേ പത്രപ്രവർത്തനത്തിലെ സത്യസന്ധത? ഓറിയന്റലിസത്തെ അപ്പടി വിഴുങ്ങി ഛർദിച്ചാൽ എങ്ങനെ വിശ്വസനീയമാവും? പുറംചട്ടയിൽതന്നെ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ വെടിമരുന്ന് ഭാഷയിൽ മത്തങ്ങയക്ഷരങ്ങൾ മൾട്ടികളറിൽ നഗ്നമാക്കി നിർത്തിയിരിക്കുന്നു. ഇസ്‌ലാമിനെ മനസ്സിലാക്കാനുള്ള സകല സംവിധാനമുണ്ടായിട്ടും തുടരുന്ന ഇത്തരം നിരീക്ഷണങ്ങൾ പത്രലോകത്തിന് തീരാ ശാപമല്ലേ?

'മുഹമ്മദ് നബി ജീവിച്ചിരിക്കുമ്പോഴും മരണശേഷവുമുള്ള ഇസ്‌ലാമിന്റെ വ്യാപന ചരിത്രം ഹിംസയുടേതാണെന്നും സ്വന്തം വിശ്വാസാദർശത്തിലേക്ക് പുറം വെളിച്ചത്തെ സ്വീകരിക്കുകയല്ലാതെ ഇസ്‌ലാമിന് മറ്റു ആത്മരക്ഷാ മാർഗങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ലെന്നും' തട്ടിവിടുന്ന ലേഖകന് ഏതാണ് ആ ആത്മരക്ഷാ മാർഗം എന്നുകൂടി വിസ്തരിക്കാമായിരുന്നു. മരിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തമോ മരിച്ച് ജീർണിച്ച കമ്യൂണിസമോ പ്രത്യയശാസ്ത്രം പോലുമല്ലാത്ത ഹിന്ദുത്വമോ ഇനിയും പൂവണിയാത്ത സോഷ്യലിസമോ?

മിതവാദികളും സമാധാനകാംക്ഷികളുമായ മുസ്‌ലിംകളെപ്പോലും പേന കൊണ്ട് കൊന്ന് ചോരയിൽ മുക്കി കള്ളമെഴുതുന്നവർ തന്നെയാണ് ചരിത്രത്തിൽനിന്ന് ഇനിയും പാഠം പഠിക്കാത്തവർ!

**സൽമ ഇസ്ഹാഖ് ആയഞ്ചേരി**

## പാതി കണ്ണെങ്കിലും...!

**മഹാദേവൻ** തമ്പിയുടെ കഥകളെക്കുറിച്ച നുഹാബിൻത് കവ്വായിയുടെ കുറിപ്പും അതിന് അശ്റഫ് ബശീർ എഴുതിയ പ്രതികരണവും വായിച്ചു. പ്രതികരണം കണ്ടാൽ തോന്നുക സമൂഹത്തിലെ ദുഷ്ചെയ്തികളുടെയെല്ലാം പ്രയോക്താക്കൾ മുസ്‌ലിം സമുദായത്തിൽ പെട്ടവർ മാത്രമാണെന്നാണ്. കഥാകാരൻ എഴുതിയതുപോലെ, ദോഷങ്ങളുള്ള കഥാപാത്രങ്ങളെ ഞങ്ങൾ യഥാർഥ ജീവിതത്തിൽ ആവോളം കണ്ടുമുട്ടാറുണ്ട്. അതു പക്ഷേ മഹാദേവൻ തമ്പിയും അശ്റഫ് ബശീറും കാണുന്ന പോലെ മുസ്‌ലിം സമുദായത്തിൽ മാത്രമല്ല മുഴുവൻ മത സമൂഹങ്ങളിലുമാണ്. അതുകൊണ്ട് സുഹൃത്തേ, മുഖ്യധാരാ മാധ്യമങ്ങൾ സൃഷ്ടിച്ചുവെച്ച കപട മതേതരത്വത്തിന്റെ ഇടങ്ങളിൽ കയറിപ്പറ്റാൻ ഒരു മാപ്പുസാക്ഷിയുടെ വേഷമണിയാൻ ശ്രമിക്കുന്നതിന് മുമ്പ് പാതി കണ്ണെങ്കിലും യാഥാർഥ്യലോകത്തേക്ക് തിരിച്ചുവെക്കാൻ ശ്രമിക്കുക. ഇല്ലായെങ്കിൽ സഹോദരാ, താങ്കളെ ഓർത്ത് സഹതപിക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ....!

**പി. മുനീബ് കാരകുന്ന്**

## ഭയപ്പെടുന്നത് ഷൈലോക്കുമാർ

**'ഇസ്‌ലാംഭീതിയുടെ** വേലിയേറ്റവും ഒ.ഐ.സിയുടെ നിരീക്ഷണങ്ങളും' (ലക്കം 43) വായിച്ചു. നാൽപതു വർഷം മുമ്പ് വായിച്ച രണ്ടു കാര്യങ്ങൾ അപ്പോൾ ഓർമയിൽ വന്നു. സയണിസ്റ്റുകളുടെ ഫ്രീമെയ്സൻ സിദ്ധാന്തമാണ് ഒന്നാമത്തേത്. "ലോകജനത ഒരു പാമ്പിനെ പോലെയാണ്. പാമ്പിന്റെ തലയാണ് ധനം. പാമ്പിന്റെ ഉടലാണ് ആയുധങ്ങളും രാഷ്ട്രങ്ങളും. വാലാണ് മതങ്ങളും സംസ്കാരവും. പാമ്പിന്റെ തല ഏതു ഭാഗത്തേക്ക് നീങ്ങുന്നുവോ ആ ഭാഗത്തേക്ക് പാമ്പിന്റെ ഉടലും തുടർന്ന് വാലും നീങ്ങുന്നു."

ധനം ഏതു ഭാഗത്തേക്ക് നീങ്ങുന്നുവോ ആ ഭാഗത്തേക്ക് ആയുധങ്ങളും രാഷ്ട്രങ്ങളും തുടർന്ന് മതങ്ങളും സംസ്കാരവും നീങ്ങുന്നുവെന്ന് സാരം. ഫലസ്ത്വീൻ കേന്ദ്രമാക്കി വിശാല ഇസ്രയേൽ രാഷ്ട്രം സ്ഥാപിച്ച് ലോകം ഭരിക്കാനുള്ള സയണിസ്റ്റ് ലക്ഷ്യം പ്രാവർത്തികമാക്കേണ്ടത് ഈ സിദ്ധാന്തത്തിൽ കൂടിയാണ്. ഒന്നാമതായി വേണ്ടിയിരുന്നത് ധനത്തിന്റെ ആധിപത്യം നേടുകയായിരുന്നു. ധനത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി ലോക മീഡിയയേയും അന്തർദേശീയ സ്ഥാപനങ്ങളേയും കരുക്കളാക്കി കാര്യം നേടുക.

രണ്ടാമതായി ഓർമയിൽ വന്നത്, 'മർച്ചന്റ് ഓഫ് വെനീസ്' എന്ന നാടകമാണ്. അതിൽ വട്ടിപ്പലിശക്കാരനായ കഥാപാത്രത്തെ വിശേഷിപ്പിച്ചത് 'ഷൈലോക്ക് ദ ജ്യൂ' (ജൂതനായ ഷൈലോക്ക്) എന്നായിരുന്നു.

ഫ്രഞ്ച് തുറമുഖ പട്ടണമായ വെനീസിലെ കച്ചവടക്കാരനായ അന്റോണിയോവിന് ഒരു തുക കടമായി ആവശ്യം

## ■ ചുരുക്കെഴുത്ത്

**ആഡംബരാസ്വാദന** ഭ്രമം നമ്മുടെ സമൂഹത്തെ 'പ്രതീക്ഷാപുളകിതമായ' ഒരനിശ്ചിതത്വത്തിൽ കുരുക്കിയിട്ടുണ്ട്. ഏതോ ഒരു പ്രതീക്ഷയിൽ എത്ര കടമെടുത്തും ഒന്നാസ്വദിക്കണമെന്ന ചിന്ത വളരുകയാണ്. ഈ ഭൗതികാസക്തി മനുഷ്യനെ എന്തിനും ഏതിനും ഉദ്യുക്തനാക്കുന്നു. എന്തു നേടിയാലും സംതൃപ്തി കിട്ടുന്നില്ല. എത്ര നേടിയാലും നിരാശ ബാക്കി.

**എം. അബ്ദുസ്സലാം ചീക്കിലോട്**

വന്നപ്പോൾ ഷൈലോക്ക് വെച്ച നിബന്ധന ഇങ്ങനെയായിരുന്നു: "അവധിക്ക് പണവും പലിശയും ലഭിച്ചില്ലെങ്കിൽ കടം വാങ്ങിയവന്റെ ശരീരത്തിൽനിന്ന് ഷൈലോക്ക് ആവശ്യപ്പെടുന്ന ഏതു ഭാഗത്തുനിന്നും ഒരു റാത്തൽ മാംസം മുറിച്ചെടുക്കാൻ ഷൈലോക്കിന് അവകാശമുണ്ട്."

ഷൈലോക്കുമാർ രാഷ്ട്രങ്ങളെ തമ്മിലടിപ്പിച്ച്, ആയുധങ്ങൾ വാങ്ങിപ്പിച്ച് കടപ്പെടുത്തി, അടിമപ്പെടുത്തി 'ഒരു റാത്തൽ മാംസം' മുറിച്ചെടുക്കാനുള്ള പരുവത്തിലാക്കി.

ചൂഷണത്തിനും പലിശക്കുമെതിരെ നിലകൊള്ളുന്ന ഇസ്‌ലാം ഷൈലോക്കുമാരുടെ ശത്രുവാണ്. സയണിസത്തിന്റെ ലക്ഷ്യത്തിന് തടസ്സവുമാണ്. അതിനാൽ ഇസ്‌ലാമിന്റെ വാഹകർ ഷൈലോക്കുമാർക്കും അവരുടെ ഏജന്റുമാർക്കും ഭീകരരാകുന്നു.

**വി.കെ കുട്ടു ഉളിയിൽ**

# ലൈംഗിക വിദ്യാഭ്യാസവും നല്ല നാളെയുടെ സൃഷ്ടിയും

**ലൈംഗിക** വിദ്യാഭ്യാസം എങ്ങനെയാവണമെന്നതിനെക്കുറിച്ച് ചർച്ച സജീവമാണല്ലോ. ആദ്യം പഠിപ്പിക്കേണ്ടത് സ്വന്തം ഭാര്യയുമായി മാത്രമേ ലൈംഗിക ബന്ധം പാടുള്ളൂ എന്നാണ്. പക്ഷേ, ഗവൺമെന്റും റേഡിയോ, ടെലിവിഷൻ മാധ്യമങ്ങളും ഗർഭനിരോധ ഉറ ഉപയോഗിക്കുകയാണെങ്കിൽ ഏതു സ്ത്രീയുമായും ബന്ധപ്പെടാമെന്ന ചിന്തയാണ് യുവജനങ്ങളിൽ വളർത്തിക്കൊണ്ടുവരുന്നത്.

ലൈംഗികവിദ്യാഭ്യാസം കൊടുക്കാതെ തന്നെ ഏറ്റവും കൂടുതൽ ഗർഭനിരോധ ഉറകളും ഗുളികകളും ചെലവാകുന്നത് കേരളത്തിലാണ്. ഡോക്ടറുടെ കുറിപ്പ് പോലുമില്ലാതെ ഗുളികകൾ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്നു. ലൈംഗിക വിദ്യാഭ്യാസം കൂടി കൊടുത്താൽ ഇത്തരം ഉൽപന്നങ്ങളുടെ വിൽപനയിൽ കാര്യമായ വർധനവുണ്ടാകുമെന്നല്ലാതെ വേറെ പ്രതീക്ഷയൊന്നും ആർക്കും വേണ്ട.

വ്യഭിചരിക്കണമെന്ന ആഗ്രഹവുമായി വന്നവന്റെ മനസ്സിൽ വ്യഭിചാരം ഏറ്റവും വെറുക്കപ്പെട്ടതാക്കി മാറ്റിയ പ്രവാചക മാതൃക ഇന്നത്തെ ലോകത്ത് വളരെ പ്രസക്തമാണ്. ജനമനസ്സുകളെ കീഴടക്കാൻ സാധിക്കണം. തിന്മകളുടെ അഴുക്കുചാലിൽനിന്ന് നന്മയുടെ തെളിനീരിലേക്ക് സമൂഹത്തെ നയിക്കാൻ കഴിയണം. മതമൂല്യങ്ങൾ ഉൾക്കൊള്ളുന്ന സദാചാരനിഷ്ഠമായ ജീവിതത്തിന് മാത്രമേ ഒരു നല്ല നാളെയുടെ സൃഷ്ടിപ്പ് സാധ്യമാവൂ.

**പി.ടി.എം ശാഫി ചെന്നൈ**

# ഗൾഫിലുള്ള രക്ഷിതാക്കൾ വായിക്കാൻ

**'തിന്മ** തിമർത്താടുമ്പോൾ നേതാക്കളേ, നിങ്ങൾ എന്തെടുക്കുകയാണ്' എന്ന ഡോ. കൂട്ടിൽ മുഹമ്മദലിയുടെ ലേഖനം (ലക്കം 44) നേതാക്കളും മഹല്ല് ഭാരവാഹികളും ഖത്വീബുമാരും മാത്രം ശ്രദ്ധിച്ചാൽ പോര, ഗൾഫ് രക്ഷിതാക്കളും ഇത് മനസ്സിരുത്തി വായിക്കണം. ഗൾഫ് നമുക്ക് രണ്ട് കാര്യങ്ങൾ നേടിത്തന്നു. നാഥനില്ലാത്ത വലിയ വീടുകളും തലതിരിഞ്ഞ കുറെ മക്കളും! വഴിയോരങ്ങളിലെല്ലാം ഈ രണ്ടിനങ്ങളെയും കാണാവുന്നതാണ്. തലതിരിഞ്ഞ ആ മക്കളുടെ ചെത്തലുകൾ കാണുമ്പോൾ പേടി തോന്നുന്നു.

**മമ്മൂട്ടി കവിയൂർ, ചൊക്ലി**

# *മലർവാടി* കാമ്പയിൻ വിജയിപ്പിക്കുക

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായ സംരംഭമാണ് *മലർവാടി.* സമൂഹത്തിന്റെ ഭാവി തലമുറയിൽ സദ്‌വിചാരവും മൂല്യബോധവും കലാ സാഹിത്യങ്ങളിൽ താൽപര്യവും വളർത്തി സന്തുലിതമായ വ്യക്തിത്വ രൂപീകരണത്തിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാനവും വിനോദവും കൂട്ടിയിണക്കി കാഴ്ച വെക്കുന്ന ബാലമാസികയാണ് *മലർവാടി.* കേരളത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾ പരിഗണിച്ചും പുതിയ കാലത്തെ കുട്ടികളുടെ മനഃശാസ്ത്രം അപഗ്രഥിച്ചുകൊണ്ടും സൃഷ്ടിപരമായ അറിവിന്റെയും ആസ്വാദനത്തിന്റെയും കൗതുകകരമായ വാതായനങ്ങളാണ് *മലർവാടി* കുട്ടികൾക്കു മുന്നിൽ തുറന്നു വെക്കുന്നത്. കുട്ടികളിൽ അന്വേഷണത്വര വളർത്തിക്കൊണ്ടു വരുന്നതിനും ഭൗതികസംസ്കാരത്തിന്റെ ദുഷിച്ച സ്വാധീനങ്ങളിൽനിന്ന് അവരെ മോചിപ്പിക്കുന്നതിനും *മലർവാടി* പോലുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യകത ആർക്കും നിഷേധിക്കാനാവില്ല.

കുട്ടികളുടെ അഭിരുചികളെ സ്വാധീനിച്ച് കേവല ഭൗതികമായ കമ്പോള താൽപര്യത്തിനൊത്ത് അവരെ വളർത്താൻ ശ്രമിക്കുന്ന ലോക സാഹചര്യമാണ് ഇന്നുള്ളത്. ഭൂത പ്രേതാദികളുടെയും മായക്കാഴ്ചകളുടെയും ഹാസ്യരസങ്ങളുടെയും മാത്രം പുറകെ പായേണ്ടവരല്ല നമ്മുടെ കുട്ടികൾ. ചെറുപ്പകാലങ്ങളിൽ തന്നെ അവരുടെയുള്ളിൽ നന്മയുടെയും ധർമങ്ങളുടെയും വിത്തു വിതക്കാൻ നമുക്ക് കഴിയണം. ഈ തിരിച്ചറിവിൽനിന്നാണ് *മലർവാടി* ജന്മംകൊണ്ടത്. അന്ന് മലയാള സാഹിത്യ തറവാട്ടിലെ കാരണവരായിരുന്ന മർഹൂം വൈക്കം മുഹമ്മദ് ബശീറിനെപ്പോലെയുള്ള പ്രമുഖ എഴുത്തുകാർ *മലർവാടി*യെ ഉള്ളഴിഞ്ഞ് സഹായിച്ചത് അതുകൊണ്ടാണ്. ഇന്നും പ്രശസ്തരായ ധാരാളം ബാലസാഹിത്യകാരന്മാർ *മലർവാടി*യെ സഹായിച്ചു വരുന്നുണ്ട്.

സമുദായത്തിൽ ബാലപ്രസിദ്ധീകരണ മേഖല ശൂന്യമായിരുന്ന സന്ദർഭത്തിലാണ് നാം *മലർവാടി*ക്ക് തുടക്കമിട്ടത്. അന്നതിനെ എതിർക്കുകയും പരിഹസിക്കുകയും ചെയ്തവർ ഇന്ന് സ്വന്തമായി പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

വായനാ ലോകത്ത് നമ്മുടെ കുട്ടികളെ സ്വാധീനിക്കുന്ന അനാശാസ്യ പ്രവണതകളെക്കുറിച്ചുള്ള തികഞ്ഞ ബോധ്യം, *മലർവാടി*യുടെ പ്രസക്തിയും അത് കൂടുതൽ കുട്ടികളുടെ കൈകളിലെത്തേണ്ടതിന്റെ അനിവാര്യതയും നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം മെയ് 1 മുതൽ 15 വരെ *മലർവാടി*യുടെ പ്രചാരണപക്ഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ കാമ്പയിൻ വൻ വിജയമാക്കാൻ അകമഴിഞ്ഞ പിന്തുണ നൽകണമെന്ന് എല്ലാ പ്രവർത്തകരോടും അഭ്യർഥിക്കുന്നു.

**ടി. ആരിഫലി**
**ഹൽഖാ അമീർ, ജ.ഇ കേരള**